# സിമോൺ ബാർവിഷിന്റെ ഭരതനാട്യം നവ്യാനുഭവമായി

കോഴിക്കോട്: ക്ലാസിക്കൽ നൃത്തത്തിനു പുത്തൻ ചുവടുകളുമായി നൃത്തവേദിയെ സമ്പുഷ്ടമാക്കിയ ജർമൻകാരി സിമോൺ ബാർവിഷിന്റെ ഭരതനാട്യം നഗരത്തിലെ നൃത്തകലാസ്വാദകർക്ക് നവ്യാനുഭവമായി. ദേശ–ഭാഷയ്ക്കതീതമായി കർണാടക സംഗീതത്തിന്റെ താളനിബദ്ധതയും ലാസ്യ–ശൃംഗാരഭാവത്തിന്റെ കാൽപനിക സൗന്ദര്യവും നിറഞ്ഞു നിൽക്കുന്നതായിരുന്നു സിമോണിന്റെ നടനം.

മിശ്രചാപ താളത്തിലുള്ള രാഗമാലികയിലായിരുന്നു നൃത്തമാരംഭിച്ചത്. തുടർന്ന് തോടി രാഗത്തിലുള്ള വർണവും കീരവാണി രാഗത്തിൽ മധുര മീനാക്ഷിയെ സ്തുതിക്കുന്ന കീർത്തനവും സഹൃദയരിൽ വിസ്മയം ജനിപ്പിച്ചു. കേദാരഗൗള രാഗത്തിലുള്ള ആനന്ദനടനമാടിടും, യമുനകല്യാണി രാഗത്തിലുള്ള കൃഷ്ണാ നീ ബേഗനെ വായോ... എന്ന കീർത്തനവും പരസ് രാഗത്തിലുള്ള തില്ലാനയും സിമോണിന്റെ നൃത്ത വൈഭവത്തെ വിളിച്ചറിയിക്കുന്നതായിരുന്നു.

ശ്യാമള സുരേന്ദ്രൻ (നട്ടുവാങ്കം), സുഷമാ സുനിൽ, മിൽഡ സ്റ്റാൻലി (വോക്കൽ) ശ്യാം കെ.മേനോൻ (മൃദംഗം), സതീഷ് വർമ (വയലിൻ) മൂർത്തി (ഫ്ളൂട്ട്) എന്നിവരായിരുന്നു അകമ്പടി. മൂന്നു വർഷം മുൻപ് കൊച്ചിയിലെ ധരണി സ്കൂൾ ഓഫ് പെർഫോമിങ് ആർട് ട്രസ്റ്റിൽ നിന്നും ശ്യാമള സുരേന്ദ്രനിൽ നിന്നും ഭരതനാട്യം അഭ്യസിച്ചുതുടങ്ങിയ സിമോൺ നൃത്താഭിനയം പത്മഭൂഷൺ കലാനിധി നാരായണനിൽ നിന്നുമാണ് അഭ്യസിച്ചത്. ബാങ്ക്മെൻസ് ക്ലബിന്റെ പ്രതിമാസ പരിപാടിയുടെ ഭാഗമായിട്ടായിരുന്നു സിമോണിന്റെ ഭരതനാട്യം നടന്നത്.

മനോരമ

ബാങ്ക്മെൻസ് ക്ലബ്ബിന്റെ പ്രതിമാസ പരിപാടിയിൽ ജർമൻ നർത്തകി സിമോൺ കോഴിക്കോട്ട് അവതരിപ്പിച്ച ഭരതനാട്യം.

